## ക്രിസ്തു മതത്തിനെതിരാണ്—വൈദ്യനും മണവാളനും മതത്തിനെതിരാണ്

**I. ക്രിസ്തു മതത്തിനെതിരെയാണെന്നും ക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ മതത്തിന് വെളിയിലാണെന്നും മത്തായിയുടെ സുവിശേഷം വെളിപ്പെടുത്തുന്നു**

- ക്രിസ്തുവിന്റെ ജനനം, ക്രിസ്തുവിനെ കണ്ടെത്തിയത്, ക്രിസ്തുവിനെ ശുപാർശ ചെയ്തത്, ക്രിസ്തുവിനെ അനുഗമിച്ചത് എന്നിവയെല്ലാം മതത്തിന് വെളിയിലായിരുന്നു
- വൈദ്യനും മണവാളനും എന്ന നിലയിൽ, ക്രിസ്തു മതത്തിന് എതിരാണ്
- കർത്താവായ യേശു മതപാരമ്പര്യത്തിനായി കരുതുന്നില്ല; ആന്തരിക യാഥാർഥ്യത്തിനായാണ് അവൻ കരുതുന്നത്

## വൈദ്യൻ

**II. മത്തായി 9:10-13 സൂചിപ്പിക്കുന്നത്, വൈദ്യനെന്ന നിലയിൽ നമുക്ക് ക്രിസ്തുവിനെ അനുഭവിക്കുവാനും ആസ്വദിക്കുവാനും കഴിയും എന്നാണ്**

- കർത്താവായ യേശു ഒരു ന്യായാധിപനെപ്പോലെയല്ല, ഒരു വൈദ്യനെപ്പോലെയാണ് ശുശ്രൂഷിച്ചത്
- ഒരു ന്യായാധിപന്റെ വിധി നീതിക്ക് ഒത്തവണ്ണമാണ്, അതേസമയം ഒരു വൈദ്യന്റെ രോഗശാന്തി കരുണയ്ക്കും കൃപയ്ക്കും ഒത്തവണ്ണമാണ്
- നമ്മെ സുഖപ്പെടുത്തുവാനും, പ്രത്യുദ്ധരിക്കുവാനും, ജീവിപ്പിക്കുവാനും, രക്ഷിക്കുവാനും ഒരു വൈദ്യനായി ശുശ്രൂഷിക്കുവാനാണ് ക്രിസ്തു വന്നത്, അങ്ങനെ നാം അവന്റെ പുതിയതും സ്വർഗീയവുമായ പൗരന്മാരായി പുനഃസംരചിക്കപ്പെടുന്നു
- “എന്നാൽ 'ഞാൻ യാഗമല്ല കരുണയത്രേ ആഗ്രഹിക്കുന്നു' എന്നത് എന്താകുന്നു എന്ന് പോയി പഠിക്കുവിൻ”
  - കർത്താവായ യേശു നമ്മുടെ ആത്മിക രോഗത്തെ, പാപം എന്ന രോഗത്തെ, സുഖപ്പെടുത്തുന്നു
  - പാപത്തിനും മരണത്തിനും ഇടയിൽ എല്ലാത്തരം രോഗങ്ങളും, അസുഖങ്ങളും, ബലഹീനതകളും ഉണ്ട്
  - കർത്താവായ യേശു നമ്മുടെ പാപങ്ങൾ ക്ഷമിക്കുകയും എല്ലാ വിധത്തിലും നമ്മെ സുഖപ്പെടുത്തുകയും ചെയ്യുന്നു
  - പാപികളെന്ന നിലയിൽ, നമ്മൾ പൂർണ്ണമായും രോഗികളാണ്, കാരണം നമ്മൾ ശാരീരികമായും, ആത്മികമായും, ധാർമ്മികമായും, മാനസികമായും രോഗികളാണ്, എന്നാൽ ക്ഷമിക്കുന്നവനും വൈദ്യനുമായ യേശുവിന് നമ്മുടെ എല്ലാ രോഗങ്ങളും സൗഖ്യമാക്കുവാൻ കഴിയും
  - നമ്മുടെ ശരീരത്തിൽ കർത്താവ് നമ്മെ സൗഖ്യമാക്കുകയോ സൗഖ്യമാക്കാതിരിക്കുകയോ ചെയ്തേക്കാമെങ്കിലും, നമ്മുടെ ആത്മാവിന്റെയും ദേഹിയുടെയും എല്ലാ ഭാഗങ്ങളിലും നമ്മെ സൗഖ്യമാക്കുവാൻ അവൻ എപ്പോഴും തയ്യാറാണ്
- പൗലൊസിന്റെ പിൽക്കാല ശുശ്രൂഷയിലെ അനുഭവം, വിശ്വാസികളുടെ വൈദ്യൻ എന്ന നിലയിൽ ക്രിസ്തുവിനെ ശരിയായ രീതിയിൽ വിലമതിക്കാൻ നമ്മെ സഹായിക്കുന്നു
  - പൗലൊസ് ത്രൊഫിമൊസിനെ രോഗശാന്തിയ്ക്കായി പ്രാർഥിക്കാതെ രോഗാവസ്ഥയിൽ ഉപേക്ഷിച്ചു
  - തിമൊഥെയൊസിന്റെ ഉദരരോഗം സുഖപ്പെടുത്തുന്നതിനായി പൗലൊസ് തന്റെ രോഗശാന്തി വരം ഉപയോഗിച്ചില്ല; പകരം, സൗഖ്യത്തിനായി സ്വാഭാവിക മാർഗം സ്വീകരിക്കാൻ അവനോട് നിർദ്ദേശിച്ചു
  - കഷ്ടതയുടെ സമയത്ത്, പൗലൊസും കൂട്ടുവേലക്കാരും ബാഹ്യമായ വരത്തിന്റെ ശക്തിക്കു കീഴിലല്ല, പിന്നെയോ ആന്തരിക ജീവന്റെ ശിക്ഷണത്തിന് കീഴിലായിരുന്നു എന്നതാണ് പൗലൊസ് അവരെ ഈ വിധത്തിൽ കരുതിയതിനുള്ള കാരണം
  - ക്രിസ്തുവിന്റെ രോഗസൗഖ്യം ഇന്ന് പ്രധാനമായും ആത്മാവിനും ദേഹിക്കും വേണ്ടിയാണെന്ന് കാണുവാൻ പൗലൊസിന്റെ അനുഭവം നമ്മെ സഹായിക്കണം
- നമ്മുടെ വൈദ്യൻ എന്ന നിലയിൽ, ക്രിസ്തുവിന് രോഗശാന്തിക്കായുള്ള അധികാരമുണ്ട്
  - അവന്റെ രോഗശാന്തി കേവലം ശക്തിയുടെ കാര്യമല്ല, അത് അധികാരത്തിന്റെ കാര്യം കൂടിയാണ്
  - നമ്മുടെ വൈദ്യൻ തന്റെ അധികാരത്താൽ നമ്മെ സൗഖ്യമാക്കുന്നു

## മണവാളൻ

**III. മത്തായിയിലും വെളിപ്പാടിലും ക്രിസ്തുവിനെ മണവാളനായി വെളിപ്പെടുത്തിയിരിക്കുന്നു**

- മത്തായി 25:1, മണവാളൻ എന്ന നിലയിൽ കർത്താവായ യേശുവിനെക്കുറിച്ചുള്ള ഒരു വാക്കാണ്
  - ഈ വാക്യം വെളിപ്പെടുത്തുന്നത് കർത്താവ് മണവാളനായി, ഏറ്റവും പ്രസന്നനും ആകർഷണീയനുമായ വ്യക്തിയായി മടങ്ങിവരും എന്നാണ്
  - മണവാളൻ എന്ന നിലയിൽ, അവൻ നമ്മുടെ ആസ്വാദനത്തിനുവേണ്ടിയുള്ള പ്രസന്നനായ വ്യക്തിയാണ്
  - ജീവന്റെ പ്രത്യുദ്ധാരത്തിനായുള്ള നമ്മുടെ വൈദ്യൻ എന്ന നിലയിൽ മാത്രമല്ല, അവന്റെ സാന്നിധ്യത്തിൽ ഒരു ജീവനുള്ള ആസ്വാദനം ഉണ്ടായിരിക്കേണ്ടതിന് നമ്മുടെ മണവാളൻ എന്ന നിലയിലും നാം ക്രിസ്തുവിനെ വിലമതിക്കണം
- വെളിപ്പാട് 19:7-9 ക്രിസ്തുവിനെ മണവാളനായി അനാവരണം ചെയ്യുന്നു
  - ഇവിടെ കർത്താവായ യേശു മണവാളനെന്ന നിലയിൽ കുഞ്ഞാടാകുന്നു
  - യോഹന്നാന്റെ സുവിശേഷത്തിൽ, പാപം നീക്കിക്കളയുവാൻ വന്ന കുഞ്ഞാടായും മണവാട്ടി ഉണ്ടായിരിക്കുവാൻ വന്ന മണവാളനായും ക്രിസ്തുവിനെ വെളിപ്പെടുത്തിയിരിക്കുന്നു
  - കുഞ്ഞാട് വീണ്ടെടുപ്പിനും, മണവാളൻ വിവാഹത്തിനും വേണ്ടിയാണ്
  - ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിൽ ക്രിസ്തു വീണ്ടെടുപ്പ് നിവർത്തിച്ചു, വരുവാനിരിക്കുന്ന മണവാളനെന്ന നിലയിൽ ക്രിസ്തു തന്റെ മണവാട്ടിയെ സ്വീകരിക്കുമ്പോൾ വിവാഹം നടക്കും
  - അവനെ എതിരേൽക്കുവാൻ അവന്റെ മണവാട്ടിയായിത്തീരുന്നതിന് ഭൂമിയിൽ നാം ഒരുക്കപ്പെട്ടുകൊണ്ടിരിക്കുന്നു, നമ്മെ എതിരേൽക്കുവാൻ മണവാളനെന്ന നിലയിൽ വരേണ്ടതിന് അവൻ മൂന്നാം സ്വർഗത്തിൽ സിംഹാസനത്തിൽ ഒരുങ്ങിയിരിക്കുന്നു
  - അവൻ മണവാളനായി വരുന്നു, നമ്മൾ മണവാട്ടിയായി പോകുന്നു